# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊടുവള്ളി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെകെഡി.പി9/1814/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 05/01/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൊടുവള്ളി മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊടുവള്ളി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2 ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3.ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉ.പ.സ.)
4.ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്
5.കാര്യാലയ പ്രതി

നമ്പർ: കെഎസ്എ.കെകെഡി.പി9/1814/2021 തീയ്യതി: 05/01/2022

# കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-02-2020 മുതൽ 04-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ജോയിന്റ് ഡയറക്ടർ (ഇൻചാർജ്ജ്) | 06-12-2021 | 23-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-12-2021 | 23-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
2. ശ്രീമതി.ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ശ്രീ.സുരേഷ് കുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീമതി.ജിഷ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശരീഫാ കണ്ണാടിപ്പൊയിൽ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.ഫൈസൽ.എ | സെക്രട്ടറി | 01-04-2019 | 03-12-2019 |
| ശ്രീ.അബ്ദുൽ ഖാദർ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-12-2019 | 08-12-2019 |
| ശ്രീ.മധു.ടി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-12-2019 | 28-01-2020 |
| ശ്രീ.അബ്ദുൽ ഖാദർ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-01-2020 | 03-03-2020 |
| ശ്രീ.ശൈലേഷ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ജയന്തി.എൻ.പി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-10-2019 |
| ശ്രീമതി.ധന്യ.സി.അർ | മുനിസിപ്പൽ എഞ്ചിനീയർ | 01-11-2019 | 11-12-2019 |
| ശ്രീമതി.രസ്ന.പി | മുനിസിപ്പൽ എഞ്ചിനീയർ | 12-12-2019 | 31-03-2020 |
| ശ്രീമതി.അപർണ്ണന.എൻ.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സാഹിറ.വി.ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.റിൻസി ആന്റണി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ.മുഹമ്മദ് അബ്ദുൽ മജീദ്.പി.പി | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.റജിമോൾ ജോർജ്ജ് | ക്ഷീരവികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ശിഹാബുദ്ധീൻ.പി.കെ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ശാരി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 13-09-2019 |
| ശ്രീമതി.ശാലിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-09-2019 | 03-12-2019 |
| ശ്രീമതി.രമ്യ.കെ.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-12-2019 | 31-03-2020 |
| ശ്രീ.അബ്ദുൽ ഖാദർ.പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: SURESH KUMAR S (Senior Grade Auditor, On 16-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-1 |
| 2 | ബജറ്റ് പ്രകാരമുള്ളതും യഥാര്‍ത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകള്‍ പൊരുത്തപ്പെടുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 16-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-1-1 |
| 3 | ബജറ്റ് അപൂര്‍ണ്ണമായി തയ്യാറാക്കി<br>Written By: SURESH KUMAR S (Senior Grade Auditor, On 16-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-1-2 |
| 4 | വാര്‍ഷികധനകാര്യപത്രിക<br>Written By: SURESH KUMAR S (Senior Grade Auditor, On 16-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-2 |
| 5 | വാര്‍ഷിക കണക്കിലെ അപാകതകള്‍<br>Written By: SURESH KUMAR S (Senior Grade Auditor, On 17-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-4 |
| 8 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകള്‍<br>Written By: SURESH KUMAR S (Senior Grade Auditor, On 17-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-4-1 |
| 9 | പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 05-01-2022) | 1-5 |
| 10 | ക്ഷേമ പദ്ധതികള്‍<br>Written By: SURESH KUMAR S (Senior Grade Auditor, On 17-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 1-8 |
| 13 | വസ്തുനികുതി - ഈടാക്കുന്നത് സംബന്ധിച്ച്<br>Written By: Jisha.P (Auditor, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-9 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകള്‍<br>Written By: Jisha.P (Auditor, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-10 |
| 15 | ഇന്‍ഷുറന്‍സ് പരിരക്ഷയില്ലാതെ വാഹനം റോഡില്‍ ഓടിച്ചു.<br>Written By: E.V Hari (Audit Officer, On 24-12-2021) | 1-11 |

| | | |
|---|---|---|
| | Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | |
| 16 | കരുവൻപൊയിൽ സ്കൂൾ നവീകരണ പ്രവൃത്തികൾ -ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകിയതും, പൊളിച്ചെടുത്ത കല്ല് നിർമ്മാണത്തിനുപയോഗിക്കാത്തതും സംബന്ധിച്ച്<br>Written By: Jisha Samuel (Asst. Audit Officer, On 22-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-12 |
| 17 | ഒരേ റോഡിന്റെ വിവിധ റീച്ചിന് വ്യത്യസ്ത പ്രോജക്ടുകൾ - സംബന്ധിച്ച്<br>Written By: Jisha Samuel (Asst. Audit Officer, On 22-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-13 |
| 18 | പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 19-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-14 |
| 19 | പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസവും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-15 |
| 20 | ആസൂത്രണത്തിലേയും, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേയും പോരായ്മ - അധിക ചെലവിന് കാരണമായി<br>Written By: Jisha Samuel (Asst. Audit Officer, On 19-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-16 |
| 21 | ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - ടെണ്ടർ നടപടിയില്ലാതെ നേരിട്ട് വാങ്ങിയത് സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-17 |
| 22 | പോഷകാഹാര വിതരണം - കേന്ദ്രഫണ്ട് ലഭിക്കുന്നതിൽ കുറവ്<br>Written By: Shyna A.K (Asst. Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-18 |
| 23 | എക്സ് - റേ യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയ്ക്ക് വാങ്ങിയ മെഷീനുകൾ വാറണ്ടി കാലാവധി കഴിഞ്ഞിട്ടും ത്രീ ഫേസ് വൈദ്യുതി സൗകര്യം ലഭ്യമാക്കാത്തതിനാൽ പൂർണതോതിൽ പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞില്ല.<br>Written By: Shyna A.K (Asst. Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ആസൂത്രണത്തിലേയും, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേയും പോരായ്മ - അധിക ചെലവിന് കാരണമായി<br>Written By: E.V Hari (Audit Officer, On 28-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 05-01-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരച്ചടവ്<br>Written By: SURESH KUMAR S (Senior Grade Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: SURESH KUMAR S (Senior Grade Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SURESH KUMAR S (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: SURESH KUMAR S (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 05-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 05-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 05-01-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

കൊടുവള്ളി നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25.02.2019 തീയതിയിലെ തീരുമാന നമ്പർ 1 പ്രകാരം കരട് ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിക്കുകയും 05.05.2019 – ലെ ഭരണസമിതിയുടെ പ്രത്യേക യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിച്ചു. 27.03.2020 ലെ ഭരണസമിതി തീരുമാന നമ്പർ 1 പ്രകാരം 2019-20 വർഷത്തെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു.

### 1-1-1 ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

നഗരസഭയുടെ 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യപത്രിക പ്രകാരം യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 73657209 | 40402410 | -- | 33254799 |
| വരവ് | 833751750 | 178440395 | -- | 655311355 |
| ആകെ | 907408959 | 218842805 | -- | 688566154 |
| ചെലവ് | 790064000 | 172799847 | -- | 617264153 |
| നീക്കിയിരിപ്പ് | 117344959 | 46042958 | -- | 71302001 |

വർക്ക്ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല.

### 1-1-2 ബജറ്റ് അപൂർണ്ണമായി തയ്യാറാക്കി

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. അതിനാൽ, ബജറ്റ് പൂർണ്ണ രൂപത്തിലല്ല തയ്യാറാക്കിയിരിക്കുന്നത് എന്ന് കാണാം.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 20.10.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

മുനിസിപ്പാലിറ്റിയുടെ 2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചത് പ്രകാരം

ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 128900/- രൂപ വരവ് വന്നിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ട ജി.എസ്.ടി, ഫ്ലഡ് സെസ്, ലൈബ്രറി സെസ് എന്നിവ ഉൾപ്പെടെ അടവാക്കാതെ മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

3.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4.ബി-11ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഷെഡ്യൂളിൽ 559647/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

5.ബി-4 ഷെഡ്യൂളിൽ ടോട്ടൽ സാനിറ്റേഷൻ, ഗ്രാൻറ്സ് ഫ്രം അദർ ഗവൺമെന്റ് ഏജൻസി, ഗുണഭോക്തൃവിഹിതം, അദർ ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പ്രത്യേക അക്കൗണ്ടിലല്ല സൂക്ഷിച്ചിട്ടുള്ളത്. അവ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും എ.സി.ആർ വെച്ച് ചെലവ് വിവരം നിരീക്ഷിക്കേണ്ടതുമാണ്.

6.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം Festival Advance To Employees (460100400) എന്ന ശീർഷകത്തിൽ 73000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്ററിൽ പ്രസ്തുത തുക രേഖപ്പെടുത്തിയിട്ടില്ല. ബി-18-ൽ Miscellaneous Advance (460100700) എന്ന ശീർഷകത്തിൽ 220200/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ആകെ 5000/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം അഡ്വാൻസ് ആയി രേഖപ്പെടുത്തിയിട്ടുള്ള, താഴെപ്പറയുന്ന തുകകൾക്ക്, ആധികാരികമായ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

| Code No. | Particulars | Amount (Rs) |
|---|---|---|
| 460500101 | Advance To Beneficiary Committee Convenors – Municipal Fund | 150000 |
| 460500204 | Advance To Implementing Agencies – Scheme Expenditure | 1100 |
| 460500304 | Advance To Projects – Scheme Expenditure | 20000 |

8.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 251608/- രൂപ ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് (460600100) എന്ന ഇനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് ഉപോൽബലകമായ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.
9.വസ്തുനികുതി രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ (എംപ്ലോയീസ്), ഡി&ഒ രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.
10. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-1 പ്രകാരം തൊഴിൽ നികുതി (ട്രേഡേഴ്സ്) എന്ന ഹെഡ്ഡിൽ 1220000/- രൂപ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 738900/- രൂപയാണ് കളക്ഷൻ രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
11.ഷെഡ്യൂൾ I-3 പ്രകാരം വാടക ഇനത്തിൽ 2053877/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ 1390978/- രൂപയാണ്. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
12. ഷെഡ്യൂൾ B-7 (ഡെപ്പോസിറ്റ് റിസീവ്ഡ്) പ്രകാരമുള്ള ഡെപ്പോസിറ്റുകൾ നിയമ പരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നീക്കിയിരിപ്പുണ്ട്. ഷെഡ്യൂൾ ബി-7 പ്രകാരമുള്ള തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Code No. | Particulars | Amt As Per B-7 | Amt As Per Register |
|---|---|---|---|
| 340100105 | Supplier's EMD | 104843/- | 94843/- |
| 340100205 | Supplier's Security Deposit | 113750/- | 163750/- |
| 340100301 | Contractor's Retention Money | 56747/- | 35834/- |
| 340200100 | Rent Deposit | 3659637/- | 4677564/- |
| 340200200 | Auction Deposit | 606047/- | 521273/- |

13.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം Grants & Contribution For Specific Purpose ഇനത്തിൽ 17942081/- രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. വിവിധ അക്കൗണ്ടുകളിലായി സൂക്ഷിച്ചിരിക്കുന്ന തുകകളുടെ വരവ് - ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ മനസിലാക്കുന്നതിന് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.
14.ബാങ്ക് അക്കൗണ്ടുകളിലെ റീകൺസിലിയേഷൻ എല്ലാ മാസവും തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 3/2020-ലെ റീകൺസിലിയേഷൻ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40402410 |
| ഓഡിറ്റ് വർഷത്തെ വരവ് | 178440395 |
| ആകെ | 218842805 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 172799847 |
| നീക്കിയിരിപ്പ് | 46042958 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 12861648 | 12861648 | 11287038 | 1574610 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 11350000 | 11350000 | 7313562 | 4036438 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 1603000 | 1603000 | 450574 | 1152426 |
| മെയിന്റനൻസ്-റോഡ് | | 0 | 12656000 | 12656000 | 4594873 | 8061127 |
| മെയിന്റനൻസ്-നോൺ റോഡ് | | 0 | 6506000 | 6506000 | 3192403 | 3313597 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 0 | 13878000 | 13878000 | 5348943 | 8529057 |
| സാക്ഷരത | | 62143 | 2486 | 64629 | 0 | 64629 |
| ദുരിതാശ്വാസനിധി | | 81527 | 2066 | 83593 | 39824 | 43769 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | | 3193733 | 5130575 | 8324308 | 6364257 | 1960051 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | പി.എം.എ.വൈ | 11631833 | 92812747 | 104444580 | 91282101 | 13162479 |
| | എൻ.യു.എൽ.എം | 611814 | 3942024 | 4553838 | 797273 | 3756565 |
| | ആർ.എം.എസ്.എ | 3108639 | 0 | 3108639 | 0 | 3108639 |
| | എസ്.എൻ.പി | 494063 | 1561498 | 2055561 | 2500000 | -444439 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 42091 | 42091 | 0 | 5608 | 36483 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4021323 | 15814423 | 19835746 | 14391211 | 5444535 |
| | ട്രഷറി അക്കൗണ്ട് | 4833482 | 20799056 | 25632538 | 19301628 | 6330910 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കൊടുവള്ളി നഗരസഭയുടെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രിക യിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 12861648 | 31236943 |
| വികസനഫണ്ട് (എസ്.സി.പി) | 11350000 | 12142400 |
| വികസനഫണ്ട് (ടി.എസ്.പി) | 1603000 | 1188000 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 6506000 | 7794000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 12656000 | 15186000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 13878000 | 16541850 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ്/റോഡ്, ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 267 | 125 | 41 | 101 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 267 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 125 പ്രൊജക്ടുകൾക്കേ സാമ്പത്തിക വർഷത്തിൽ തുക

വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 114563683/- രൂപ വകയിരുത്തിയതിൽ 53367139/- രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം വികസനഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ നഗരസഭക്ക് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവു വന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 16541850 | 5348943 | 11192907 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 7794000 | 3359769 | 4434231 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15186000 | 4594873 | 10591127 |
| വികസന ഫണ്ട് ജനറൽ | 31236943 | 19370871 | 11866072 |
| വികസന ഫണ്ട് -SCP | 12142400 | 7313562 | 4828838 |
| വികസന ഫണ്ട് -TSP | 1188000 | 450574 | 737426 |
| ആകെ | 84089193 | 40438592 | 43650601 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 92923286/- രൂപയിൽ 44155892/- രൂപ വിനിയോഗിക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും ലഭ്യമായ തുകയിൽ 48767394/- രൂപ ചെലവഴിക്കാതെ നഗരസഭക്ക് നഷ്ടമായിട്ടുണ്ട്. എല്ലാ ഫണ്ടിനങ്ങളിലും നഗരസഭക്ക് ലഭ്യമായ മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധയിൽ കൊണ്ടുവരുന്നു. നിർവഹണ ഉദ്യോഗസ്ഥരിൽ മുനിസിപ്പൽ എഞ്ചിനീയർ, സെക്രട്ടറി, എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. മുനിസിപ്പൽ എഞ്ചിനീയർക്ക് ആകെ നടപ്പിലാക്കാനുണ്ടായിരുന്ന 211 പ്രോജക്ടുകളിൽ 82 പ്രൊജക്ടുകൾക്കാണ് തുക വിനിയോഗിച്ചിരിക്കുന്നത്. വ്യക്തമായ ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയല്ല മുനിസിപ്പൽ എഞ്ചിനീയർ മെയിന്റനൻസ് പ്രവൃത്തികൾ നടപ്പിലാക്കിയത് എന്ന് കാണാം. സെക്രട്ടറിക്ക് നടപ്പിലാക്കാനുണ്ടായിരു ന്ന 27 പ്രവൃത്തികളിൽ 8 എണ്ണം നടപ്പിലാക്കിയിട്ടില്ല. പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയപ്പോൾ തനത് ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെ തനത് ഫണ്ട് വകയിരുത്തിയത് മൂലം മറ്റ് ഫണ്ടുകൾ വകമാറ്റപ്പെടുകയോ, അല്ലെങ്കിൽ തനത് ഫണ്ട് ചെലവഴിക്കപ്പെടാതെ പോകുന്ന അവസ്ഥയോ മുനിസിപ്പാലിറ്റിയിൽ നിലനിൽക്കുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളിൽ ധനകാര്യ സ്റ്റാന്റിംഗ്

കമ്മറ്റി ഒഴികെ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. മുനിസിപ്പാലിറ്റി ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തലുകൾ നടത്തുന്നുണ്ട്. പദ്ധതി രൂപീകരണ ശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ, പ്രൊജക്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ചില വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടു കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തി വരുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 174000 | 120 |
| കർഷക തൊഴിലാളി പെൻഷൻ | 3359400 | 255 |
| വിധവാ പെൻഷൻ | 12520200 | 949 |
| വാർദ്ധക്യകാല പെൻഷൻ | 17165100 | 1301 |
| വികലാംഗ പെൻഷൻ | 4427100 | 263 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 568800 | 44 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-7 ആഭ്യന്തര നിയന്ത്രണം

മുനിസിപ്പാലിറ്റിയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ മുനിസിപ്പാലിറ്റിയുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ ഓഡിറ്റ് വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 2 സ്റ്റാഫ് മീറ്റിംഗുകൾ മാത്രമാണ് വിളിച്ചു ചേർത്തിരിക്കുന്നത്. എന്നാൽ മിനുട്സ് രേഖപ്പെടുത്തിയിട്ടില്ല. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എല്ലാ ഫീൽഡ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക്, ഡേ ബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തുന്നില്ല. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല.

നഗരസഭയുടെ വരവു ചെലവു കണക്ക്, രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് കിട്ടാനുള്ള വസ്തുനികുതി, കുടിശ്ശിക വസ്തുനികുതി എന്നിവയുടെ കണക്കുകൾക്ക് വ്യക്തതയില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നഗരസഭാ പരിധിയിലെ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ അവർ കൈകാര്യം ചെയ്ത ഫയലുകളും രേഖകളും രജിസ്റ്ററുകളും ഉത്തരവാദപ്പെട്ടവർക്ക് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ല.

ആസ്തി രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ചെയർമാൻ പരിശോധിച്ച് ആധികാരികമാക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമമറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ പിന്നീട് തുടർ നടപടികളൊന്നും കൈക്കൊണ്ടു കാണുന്നില്ല.

മുനിസിപ്പാലിറ്റിയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നില്ല. കേരള മുനിപ്പാലിറ്റി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി മുനിസിപ്പാലിറ്റിയുടെ ചുമതലയിലുള്ള മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു

ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ മുനിസിപ്പാലിറ്റിയുടെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെ മുനിസിപ്പാലിറ്റിയ്ക്ക് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധന മാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ മുനിസിപ്പാലിറ്റിയ്ക്ക് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ച കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും മുനിസിപ്പാലിറ്റി തയ്യാറാക്കിയിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,16,288/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 വസ്തുനികുതി - ഈടാക്കുന്നത് സംബന്ധിച്ച്

കൊടുവള്ളി മുനിസിപ്പാലിറ്റി 16 – ാം വാർഡിൽ NH ന്റെ അരികിലായി സ്ഥിതി ചെയ്യുന്ന ശ്രീ. അസൈൻ, കരളാംപൊയിൽ, വെണ്ണക്കാട് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിലെ 141 H, 141 J, 141 K, 141 L, 141 M, 141 N എന്നീ മുറികൾ റസിഡൻഷ്യൽ ഫ്ലാറ്റ് ഗണത്തിൽ പെടുത്തി 2018 മുതൽ നികുതി 6 രൂപ നിരക്കിലാണ് ഈടാക്കിവരുന്നത്. പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചത് വാണിജ്യകെട്ടിടം എന്ന ഗണത്തിൽ ആണെങ്കിലും പൂർത്തീകരിച്ചത് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് എന്ന ഗണത്തിൽപ്പെടുത്തിയാണ്. അനധികൃത നിർമ്മാണം ഉണ്ടായിരുന്നതി നാൽ ഈ കെട്ടിടം ക്രമവത്കരിച്ച് നൽകുകയായിരുന്നു. 100 ച. മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന് 85 രൂപയും ലോഡ്ജ് കെട്ടിടത്തിന് 50 രൂപയുമാണ് നഗരസഭ നിർണ്ണയിച്ച വസ്തുനികുതി നിരക്ക്.

ശ്രീ.അസ്സയിൻ കരളാംപൊയിലിന്റെ 18.12.19 ന്റെ അപേക്ഷയിൽ സ്ഥലപരിശോധന നടത്തിയതിൽ ടിയാന്റെ 2 പെൺകുട്ടികൾ വാടക വീട്ടിലാണ് താമസിക്കുന്നതെന്നും അവർക്കു താമസിക്കാൻ വേണ്ടിയാണ് ഈ കെട്ടിടം നിർമ്മിച്ചതെന്നും (5 വർഷക്കാലത്തേയ്ക്ക് തനിക്ക് ഇത് വാടകയ്ക്ക് നൽകാൻ കഴിയില്ല എന്നാണ് അപേക്ഷയിൽ പറഞ്ഞത്) ടിയാൻ മറ്റാർക്കെങ്കിലും വാടകയ്ക്ക് നൽകുകയാണെങ്കിൽ ആയത് പ്രകാരമുള്ള നികുതി അടയ്ക്കാമെന്ന് അപേക്ഷയിൽ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റസിഡൻഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി നികുതി ഈടാക്കാവുന്നതാണ് എന്ന് 20.1.20 ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ നിബന്ധന ഉൾപ്പെടുത്തി ഡിമാന്റ് നോട്ടീസ് നൽകിയതായി ഫയലിൽ കാണുന്നില്ല. കൂടാതെ ഈ നിബന്ധന പാലിക്കുന്നുണ്ടോ എന്നത് പരിശോധിക്കുന്ന ണ്ടോ എന്നും വ്യക്തമല്ല.

നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ ഉപയോഗം വസ്തുനികുതി നിർണ്ണയത്തിലെ ഉപയോഗ ക്രമപ്രകാരമാണോ എന്നത് ഉറപ്പു വരുത്തുന്നതിനായി വാർഡ് തലത്തിൽ പരിശോധന നടത്തേണ്ടതാണ്.

1-10 ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകൾ

കൊടുവള്ളി നഗരസഭയിൽ 5 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 68 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. 2019-20 വർഷത്തെ ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നത് സംബന്ധമായ രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

വാടക കുടിശ്ശിക ഇല്ലാത്തവർ എഗ്രിമെന്റ് പ്രകാരം തുടർവർഷം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വാടക കുടിശ്ശിക വരുത്തിയവർ കുടിശ്ശിക അടവാക്കുകയോ എഗ്രിമെന്റ് പുതുക്കുകയോ ചെയ്തിട്ടില്ല.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ഉടമകൾ വാടക കൃത്യമായി അടവാക്കിയിട്ടില്ല എന്നു കാണുന്നു. രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടക പൂർണ്ണമായും അടവാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | റൂം നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക |
|---|---|---|---|
| 1 | 3/359 | ശ്രീ. അബ്ദുൾ ബഷീർ | 1829 |
| 2 | 3/370 | ശ്രീ. ദാസൻ പറക്കോടൻ | 3644 |
| 3 | 3/370 A | ശ്രീ. അബ്ദുൾ ഖാദർ | 20103 |
| 4 | 3/370 F | ശ്രീമതി. സൈനബ | 3191 |
| 5 | 3/370 G | ശ്രീമതി. റംല. ഒ. പി | 3200 |
| 6 | 3/370 H | ശ്രീമതി. ഹസീന. ഒ. പി | 3200 |
| 7 | 3/370 I | ശ്രീമതി. ഹസീന. ഒ. പി | 3200 |
| 8 | 3/370 O | ശ്രീമതി. ആശാലത. സി. കെ | 1448 |
| 9 | 3/370 R | ശ്രീമതി. ജംഷിദ | 3769 |
| 10 | 3/370 S | ശ്രീ. ഉസൈൻ. എ. കെ | 1737 |
| 11 | 3/370 T | ശ്രീ. ഉസൈൻ. എ. കെ | 1158 |

| | | | |
|---|---|---|---|
| 12 | 3/370 V | ശ്രീമതി. ജംഷിദ | 1216 |
| 13 | 3/370 W | ശ്രീ. ഷറഫുദ്ദീൻ | 2867 |
| 14 | 3/688 | ശ്രീ. റസാഖ് | 893 |
| 15 | 3/695 | ശ്രീ. ചോലക്കര റസാക്ക് | 432 |
| 16 | 3/370 A1 | ശ്രീമതി. റോസിന. സി. പി | 1216 |

വാടക തുടർച്ചയായി ഒടുക്കാത്തവരുടെ കുടിശ്ശിക, ഡെപ്പോസിറ്റിൽ നിന്നും ഈടാക്കി മുറി ഒഴിപ്പിച്ച് പുനർലേലം നടത്തുകയോ വാടക കൃത്യമായി പിരിച്ചെടുക്കുകയോ ചെയ്യിട്ടില്ല എന്ന് മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതാണ്. എന്നാൽ തുടർ വർഷങ്ങളിലും ഈ അവസ്ഥ തുടരുന്നു. മേൽ നിർദ്ദേശം നടപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഇൻഷുറൻസ് പരിരക്ഷയില്ലാതെ വാഹനം റോഡിൽ ഓടിച്ചു.

നഗരസഭാ ചെയർമാൻ ഉപയോഗിക്കുന്ന വാഹനമായ KL - 57 N 2963 ഇന്നോവ കാറിന്റെ ഇൻഷുറൻസ് കാലാവധി 4.5.2019 - ന് അവസാനിച്ചു. ശേഷം ഈ ഇൻഷുറൻസ് പുതുക്കുന്നത് 8.5.2019 - നാണ്. എന്നാൽ ഈ വാഹനത്തിന് ഇൻഷുറൻസ് പരിരക്ഷ ഇല്ലാതിരുന്ന ദിവസങ്ങളിൽ ( 5.5.2019, 6.5.2019, 7.5.2019 ) ചെയർമാൻ ഈ വാഹനം ഉപയോഗിച്ചിട്ടുണ്ട്. വാഹനത്തിന് ഇൻഷുറൻസ് പരിരക്ഷ ഇല്ലാതെ ഓടിക്കുക വഴി വല്ല അപകടവും സംഭവിച്ചിരുന്നുവെങ്കിൽ ആയവക്ക് ക്ലയിം ലഭിക്കില്ലായിരുന്നു. മാത്രവുമല്ല ഇത്തരത്തിൽ വാഹനം ഉപയോഗിക്കുന്നത് നിയമ വിധേയവുമല്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 9/2019-20 തീയതി 17.12.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 കരുവൻപൊയിൽ സ്കൂൾ നവീകരണ പ്രവൃത്തികൾ -ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകിയതും, പൊളിച്ചെടുത്ത കല്ല് നിർമ്മാണത്തിനുപയോഗിക്കാത്തതും സംബന്ധിച്ച്

നഗരസഭയിലെ വാർഡ് 16 – ൽ സ്ഥിതി ചെയ്യുന്ന കരുവൻപൊയിൽ ഗവ. ഹൈസ്കൂളിൽ 2019-20 വർഷത്തിൽ രണ്ടു പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് പേര്/ നമ്പർ | കരുവൻപൊയിൽ സ്കൂൾ ഗേറ്റ്, 283/20 | കരുവൻപൊയിൽ സ്കൂൾ ഇന്റർലോക്ക്, 250/20 |
|---|---|---|
| അടങ്കൽ/ഫണ്ടിനം | 4,48,000/- സംരക്ഷണഗ്രാന്റ് റോഡിതരം | 8,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം |
| ചെലവ് | 4,20,172/- ബിൽ നം. 35/19-20/30.7.19 | 6,73,021/- ബിൽ നം. 26/19-20/26.7.19 |

| | | |
|---|---|---|
| | | |
| കരാറുകാരൻ | ശ്രീ. ടി. അഹമ്മദ് കുട്ടി (കൺവീനർ) | ശ്രീ. മുജീബ് റഹിമാൻ |

ആദ്യ പദ്ധതിയിൽ കരുവൻപൊയിൽ ഹൈസ്കൂളിന്റെ പഴയ പൊളിഞ്ഞ കോംപൗണ്ട് പൊളിച്ച് പുതിയ കവാടവും, ഗേറ്റും സ്ഥാപിക്കുന്നതിനാണ് പദ്ധതി. പ്രവൃത്തി ഏറ്റെടുത്ത ഗുണഭോക്തൃകമ്മിറ്റി കൺവീനറുമായി 24.3.18ന് കരാറിലേർപ്പെട്ട തിനു ശേഷം പ്രവൃത്തി തുടങ്ങുന്നതിനു മുമ്പേ എസ്റ്റിമേറ്റ് പുതുക്കാൻ തീരുമാനിക്കുകയും, കവാടത്തിൽ സെറാമിക് ടൈൽ ഒട്ടിക്കുന്നതിനു പകരം വിട്രിഫൈഡ് ടൈൽ ആക്കാനും, മുറ്റം കരിങ്കല്ല് പാകുന്നതിനു പകരം ഇന്റർലോക്ക് പാകുന്നതിനും ഇനങ്ങൾ ഉൾപ്പെടുത്തി. അളവു പുസ്തകം 361/18-19 പേജ് മൂന്നു പ്രകാരം പൊളിച്ചെടുത്ത ഉപയോഗപ്പെടുത്താവുന്ന 0.6 M3 കരിങ്കല്ല് സ്റ്റാക്ക് ചെയ്ത് അളവു രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് 35 – ൽ കരിങ്കല്ല് ഉപയോഗിച്ചുള്ള ആർ.ആർ. പ്രവൃത്തി 1.32 M3 നടന്നെങ്കിലും സ്റ്റാക്ക് ചെയ്ത കരിങ്കല്ല് ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല.

അളവു പുസ്തകം പേജ് 39, 40 എന്നിവയിൽ സ്കൂൾ നെയിംബോർഡിനും, സ്റ്റീൽ അക്ഷരങ്ങൾക്കുമായി എക്സ്ട്രാ ഇനം 3, 4 ആയി യഥാക്രമം 38,000/-, 5500/- വീതം നൽകിയിട്ടുണ്ട്. 21.12.21ന് പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ സ്കൂളിന്റെ കവാടത്തിൽ സ്റ്റീൽ അക്ഷരങ്ങൾ നേരിട്ട് കോൺക്രീറ്റ് ബീമിൽ ഉറപ്പിച്ച രീതിയിലാണുള്ളത്. ഇതേ രീതിയിൽ സ്റ്റീൽ അക്ഷരങ്ങൾ സ്ഥാപിച്ച കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഗേറ്റിനും, കൊടുവള്ളി ഗവ.ഹൈസ്കൂൾ സ്റ്റേജിനും ശരാശരി ചെലവായത് 21,000/- രൂപ മാത്രമാണ്. അക്ഷരങ്ങൾ മാത്രം ഉറപ്പിച്ചതിന് നെയിം ബോർഡിനുള്ള തുക കൂടി നൽകിയത് വ്യക്തമല്ല. മുകളിൽ വിവരിച്ച കല്ലിന്റെ സ്റ്റാക്ക് സൈറ്റിൽ കണ്ടില്ല.

രണ്ടാമത്തെ പ്രവൃത്തിയിൽ മുറ്റം ഇന്റർലോക്ക് ചെയ്യുന്നതിനു പുറമേ ഒന്നാം നിലയിലേയ്ക്കുള്ള റാമ്പിനടുത്ത് ഗ്രിൽ പിടിപ്പിച്ചിട്ടുണ്ട്. ഈ ഗ്രില്ലിന് സിന്തറ്റിക് പെയിന്റ് അടിച്ചതിന് പ്രത്യേകം തുകയും നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധന സമയം സ്കൂളിലെ അധ്യാപകർ പ്രസ്തുത ഗ്രില്ലിന് പെയിന്റ് അടിക്കാത്തതിനാലുള്ള ബുദ്ധിമുട്ടിനെ സംബന്ധിച്ച് ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ഗ്രിൽ നിലവിൽ തുരുമ്പ് പിടിച്ച അവസ്ഥയിലാണുള്ളത്. ഗ്രില്ലിലെ തുരുമ്പ് വിദ്യാർത്ഥികളുടെ കൈകളിൽ പറ്റുന്ന സാഹചര്യം നിലവിലുണ്ട്. പെയിന്റിംഗ് പ്രവൃത്തി ചെറിയ തുകയ്ക്കാണെങ്കിലും പ്രസ്തുത പ്രവൃത്തി ചെയ്യാതെ അളവെടുത്ത് തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ചെയ്യാത്ത പ്രവൃത്തികൾക്ക് (പെയിന്റിംഗ്, നെയിംബോർഡ്) നൽകിയ തുകയും, സ്റ്റാക്ക് ചെയ്തിരുന്ന കല്ലിന്റെ അളവിന്റെ വിലയും കരാറുകാരിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-13 ഒരേ റോഡിന്റെ വിവിധ റീച്ചിന് വ്യത്യസ്ത പ്രോജക്ടുകൾ - സംബന്ധിച്ച്

2019-20 സാമ്പത്തിക വർഷത്തിൽ വരുംകാല കോളനി റോഡിലെ കോൺക്രീറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണം നടത്തിയ രണ്ടു പ്രോജക്ടുകളാണ് താഴെ കൊടുത്തവ. ഈ രണ്ടു പദ്ധതികളും 2018-19 വർഷത്തിൽ രൂപീകരിച്ചവയാണെങ്കിലും, സ്പിൽഓവർ പദ്ധതികളായി തുടർ വർഷത്തേയ്ക്ക് വന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് പേര് / നമ്പർ | വരുംകാല കോളനി റോഡ്, 331/19 | വരുംകാല കോളനി ഫൂട്ട്പാത്ത്, 338/19 |
| അടങ്കൽ | 4,00,000/- വികസനഫണ്ട് ജനറൽ – 2,00,000/- തനതുഫണ്ട് – 2,00,000/- | 4,00,000/- വികസനഫണ്ട് – എസ്.സി.പി. |
| പ്രോജക്ട് അംഗീകാരം | 925/aee/kdy/15.9.2018 | 927/aee/kdy/15.9.2018 |
| സാങ്കേതികാനുമതി | 83169/2018-2019, EST NO.2018/113886 | 83154/2018-2019, EST NO.2018/113975 |
| ചെലവ് | 1,93,591/- ബിൽ നം. 187/24.1.20 | 2,56,200/- ബിൽ നം.40/19-20/22.1.20 |
| കരാറുകാരൻ | ശ്രീ. അബ്ദുറഹിമാൻ. പി | ശ്രീ. അബ്ദുറഹിമാൻ. പി |
| കരാർ നമ്പർ | 153/18-19/13.12.18 | 155/18-19/13.12.18 |

ആദ്യ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിച്ചിരിക്കുന്നത് ഈ റോഡിന്റെ ചെയ്നേജ് 0/000 മുതൽ 0/250 വരെയുള്ള ഭാഗം കോൺക്രീറ്റ് ചെയ്തതാണെന്നും, തുടർന്നുള്ള മണ്ണ് റോഡിന്റെ 0/250 മുതൽ 0/342 വരെയുള്ള ഭാഗം കോൺക്രീറ്റ് ചെയ്യാനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത് എന്നാണ്. രണ്ടാമത്തെ പദ്ധതിയിൽ ചെയ്നേജ് 0/000 മുതൽ 0/102 വരെയുള്ള ഭാഗം കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. നഗരസഭയുടെ ഒരേ ഡിവിഷനിൽ നടത്തിയ ഈ രണ്ടു പദ്ധതികൾ ഒറ്റ പ്രോജക്ടായി രൂപീകരിക്കാതെ വ്യത്യസ്ത പ്രോജക്ടാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

രണ്ടാമത്തെ പദ്ധതിയ്ക്കായി വകയിരുത്തിയത് വികസനഫണ്ട് എസ്.സി.പി. ഫണ്ടാണ്. പ്രത്യേക വിഭാഗങ്ങൾക്കുള്ള ഫണ്ട് വകയിരുത്തി പദ്ധതികൾ തയ്യാറാക്കുമ്പോൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള സോഷ്യൽ മാപ്പിംഗ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ആദ്യ പദ്ധതി സ്പിൽഓവർ പദ്ധതിയായി 2019-20 വർഷത്തിൽ ഉൾപ്പെട്ടപ്പോൾ പദ്ധതി അടങ്കൽ 2,00,000/- (തനതുഫണ്ട്) രൂപയായി കുറഞ്ഞിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമല്ല. എന്നാൽ ഈ പദ്ധതിയുടെ അളവു പുസ്തകത്തിൽ (നം. 63/18-19) ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കി ബിൽ തയ്യാറാക്കിയിരിക്കുന്നത് 393591/- രൂപയ്ക്കാണ്. ഇതിൽ 1,93,591/- രൂപ കരാറുകാരന് നൽകി. ബാക്കി

തുക എപ്രകാരം നൽകിയെന്നത് വ്യക്തമല്ല.

ഒരേ റോഡിന്റെ പ്രവൃത്തി മുകളിൽ വിവരിച്ച വിധത്തിൽ രണ്ടാക്കി നിർവ്വഹിച്ചത് ഇ-ടെണ്ടർ നടപടികളെ മറികടക്കാനായിരിക്കാമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. രണ്ടു പ്രവൃത്തിയും ഒരേ കരാറുകാരന് ലഭിച്ചത് ഈ സംശയത്തെ ബലപ്പെടുത്തുന്നു. നഗരസഭയിൽ പദ്ധതികളുടെ ബാഹുല്യം പലവിധ അപാകതകളിലേയ്ക്ക്/ഫണ്ട് നഷ്ടത്തിലേയ്ക്ക് നയിച്ചത് ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിച്ച 2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽ കൊണ്ടു വരുന്നു. സർക്കാർ നിർദ്ദേശങ്ങളെ മറികടക്കുന്നതിന്/വിരുദ്ധമായി പദ്ധതികൾ രൂപീകരിക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്കും, സേവന ലക്ഷ്യങ്ങൾക്കും ഭൂഷണമല്ല.

മുകളിൽ വിവരിച്ച കാര്യങ്ങളിൽ വ്യക്തത നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ട താണ്.

## 1-14 പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നില്ല

2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്താനായി വിഭാവനം ചെയ്ത 211 പ്രോജക്ടുകളിൽ 95 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ്. ഇവയിൽ 28 എണ്ണത്തിന് തൻവർഷവും ചെലവുണ്ടായില്ല. പുതുതായി തൻവർഷം രൂപീകരിച്ച 116 പ്രോജക്ടുകളിൽ 101 എണ്ണത്തിനും തൻവർഷം ചെലവില്ല. പതിനഞ്ചു പ്രോജക്ടുകൾക്കു മാത്രമാണ് ചെലവുണ്ടായത്. 2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾക്ക് ചെലവാക്കിയ ആകെ തുകയിൽ 11.35% തുക മാത്രമാണ് തൻവർഷം രൂപീകരിച്ച പദ്ധതികൾക്കായി ചെലവഴിച്ചത്. 88.65% ചെലവും മുൻവർഷത്തെ പ്രവൃത്തികൾക്കു വേണ്ടിയാണ് ചെലവായത്. ഫണ്ടിനം തിരിച്ച വിവരം ചുവടെ ചേർക്കുന്നു,

| ഫണ്ടിനം | ആകെ അടങ്കൽ തുക | ആകെ ചെലവ് തുക | സ്പിൽഓവർ പദ്ധതി | | |
|---|---|---|---|---|---|
| | | | അടങ്കൽ | ചെലവ് | ചെലവ് % |
| വികസനഫണ്ട് ജനറൽ | 5674445 | 1506115 | 1944445 | 909264 | 60.37% |
| വികസനഫണ്ട് എസ്.സി.പി. | 3875000 | 367266 | 525000 | 367266 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 400000 | - | 400000 | - | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 8746000 | 2195393 | 2075000 | 1504999 | 68.55% |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 985805 | 100642 | 985805 | 100642 | 100% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 729750 | 151178 | 729750 | 151178 | 100% |
| തനതുഫണ്ട് | 14051872 | 7199441 | 14037872 | 7149895 | 99% |
| സംരക്ഷണഗ്രാന്റ് റോഡ് | 15186000 | 4594873 | 4364000 | 3957533 | 86% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 1832105 | 1271648 | 1832105 | 1271640 | 100% |
| ആകെ | 51480977 | 17386556 | 26893977 | 1512417 | 88.65% |

29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2018/ത.സ്വ.ഭ.വ. യിലെ ഖണ്ഡിക 10 നിർദ്ദേശ പ്രകാരം ഭേദഗതിയില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകൾ ഏപ്രിൽ മാസം മുതൽ നിർവ്വഹണം നടത്താമെന്നിരിക്കെ 2018-19 വർഷത്തിൽ നിന്നും സ്പിൽഓവർ ആയി വന്ന മേൽ പദ്ധതികൾ 2019-20 വർഷത്തിലും പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്തെന്ന് വ്യക്തമല്ല. സ്പിൽഓവർ പദ്ധതികളിൽ ചെലവില്ലാതിരുന്ന 28 പദ്ധതികളും തുടർവർഷത്തേയ്ക്ക് തുടർന്നിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ കണക്കു പ്രകാരം 2019-20 വർഷത്തിൽ 1,25,87,178/- രൂപയുടെ ബിൽ തുക ക്യൂ ബില്ലുകളായിട്ടുണ്ട്. ഫണ്ടിനം തിരിച്ച വിവരം ഇപ്രകാരമാണ്.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് – ജനറൽ | 2160340 |
| വികസനഫണ്ട് – എസ്.സി.പി. | 1036788 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1657502 |
| സംരക്ഷണഗ്രാന്റ് റോഡ് | 7732548 |
| ആകെ | 1,25,87,178 |

അസിസ്റ്റന്റ് എഞ്ചിനീയറുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം 18.2.20 മുതൽ നൽകിയ ബില്ലുകളാണ് ക്യൂ ബില്ലുകളായി തീർന്നതെന്ന് മനസ്സിലാകുന്നു. അതായത് വർഷാവസാനത്തേയ്ക്ക് തയ്യാറാക്കിയ ബില്ലുകളാണ് ഇത്തരത്തിലുൾപ്പെട്ടത്.

പഞ്ചായത്തിലെ എ.സി.ആർ. പ്രകാരം വിവിധ ഫണ്ടിനങ്ങളിലായി 2019-20 വർഷത്തിൽ 2,64,99,889/- രൂപ ഉപയോഗപ്പെടുത്താനാകാതെ ലാപ്സായിട്ടുണ്ട്. അതായത് ലാപ്സായ തുകയിൽ പകുതിയും അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികൾ ക്കായി ഉപയോഗപ്പെടുത്താവുന്നവയായിരുന്നു. ക്യൂബില്ലുകളായ പ്രവൃത്തികളെല്ലാം തുടർ വർഷത്തിലേയ്ക്ക് സ്പിൽ ഓവർ പ്രോജക്കുകളായതിനാൽ ഇവയ്ക്കു വേണ്ടി വന്ന മേൽ തുക തുടർ വർഷത്തെ അലോട്ട്മെന്റിൽ നിന്നും കണ്ടെത്തേണ്ടി വന്നു. ഇത് 2020-21 ലെ പദ്ധതികളുടെ പൂർത്തീകരണത്തിന് വിലങ്ങു തടിയായിട്ടുണ്ട്.

സ്പിൽ ഓവർ പ്രവൃത്തികൾ പോലും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതി നിർവ്വഹണത്തിലെ കാലതാമസ ത്തിനും, ഓരോ വർഷവും വൻതുക ലാപ്സാക്കുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ട താണ്.

1-15 പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസവും മറ്റപാകതകളും

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/ നമ്പർ : വാവാട് അങ്കണവാടി ഇടവഴി, 188/20

അടങ്കൽ : 1,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 95989/- ബിൽ നമ്പർ 14/19-20/10.7.19

2017-18 വർഷത്തിൽ പ്രോജക്ട് നമ്പർ 266/18 ആയി വിഭാവനം ചെയ്തതാണ് മേൽ പ്രോജക്ട്. 111 കോൺക്രീറ്റ് സ്റ്റെപ്പുകൾ പണിയുന്ന രീതിയിൽ നാലിനങ്ങളോടെ എസ്റ്റിമേറ്റ് തയ്യാറാക്കി (എർത്ത് വർക്ക്, ഡ്രൈ സ്റ്റോൺ പിച്ചിംഗ്, പി.സി.സി., സെന്ററിംഗ് ഷട്ടറിംഗ്). സാങ്കേതികാനുമതി പ്രകാരം രണ്ടു

മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. 2017 ഡിസംബർ മാസത്തിൽ നടന്ന ടെണ്ടർ പ്രകാരം 95989.6/- രൂപ ക്വാട്ട് ചെയ്ത അൻവർ സാദിഖ്. പി. സി. എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും 27.12.17ന് കരാറിലേർപ്പെടുകയും ചെയ്തു (നം. 17/17-18).

അളവു പുസ്തക പ്രകാരം 4.3.19 നാണ് പ്രവൃത്തി ആരംഭിച്ചിരിക്കുന്നത്. തൊട്ടടുത്ത ദിവസം (5.3.19) വാർഡ് കൗൺസിലർ ഈ ഇടവഴിയുടെ കോൺക്രീറ്റ് പ്രവൃത്തി മുകൾഭാഗത്തു നിന്ന് താഴെ ഭാഗത്തേയ്ക്ക് നടത്തുന്ന വിധത്തിൽ മാറ്റുന്നതിന് ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. അന്നേ ദിവസം ചേർന്ന കൗൺസിൽ തീരുമാനം 2/1 പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിന് അംഗീകാരം നൽകി. ആദ്യ എസ്റ്റിമേറ്റിലുണ്ടായിരുന്ന നാലിനങ്ങളും ഒഴിവാക്കി പുതുതായി രണ്ടിനങ്ങൾ ഉൾപ്പെടുത്തി, നടവഴി കോൺക്രീറ്റ് പ്രവൃത്തിയാണ് നടത്തിയത്.

കരാറിലേർപ്പെട്ട് ഒന്നേകാൽ വർഷത്തോളം പ്രവൃത്തി ആരംഭിക്കാതിരുന്നതിന്റെ കാരണം ഫയലിൽ വ്യക്തമല്ല. ഈ കാലയളവിലൊന്നും കരാറുകാരന് നോട്ടീസ് നൽകുകയോ, പ്രവൃത്തി ആരംഭിക്കാത്തതിന് മറ്റു നടപടികളോ സ്വീകരിച്ചിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ സ്വഭാവം പൂർണ്ണമായി മാറ്റി പുതിയ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തിയപ്പോൾ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ റിവൈസ് ചെയ്ത് നടത്തിയതിന്റെ കാരണവും വ്യക്തമല്ല. മേൽ കാര്യങ്ങൾ വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയത്, "പ്രവൃത്തി ആരംഭിച്ച സമയത്ത് നാട്ടുകാരിൽ അഭിപ്രായഭിന്നതയുണ്ടായതിനാൽ പ്രവൃത്തി നടത്താൻ സാധിക്കാത്ത അവസ്ഥയുണ്ടായി. കൗൺസിലർ നിർദ്ദേശിച്ച പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഒരു ലക്ഷം രൂപ അടങ്കലിൽ പ്രവൃത്തി ഭാഗികമായി മാത്രമേ നടത്താനാകൂ എന്നതിനാൽ സ്റ്റെപ്പ് ഒഴിവാക്കി കോൺക്രീറ്റ് ആക്കിയാൽ കുറച്ചു വീട്ടുകാർക്കെങ്കിലും ഉപകാരപ്രദമാകുമെന്നതിനാലുമാണ് എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി അവിടെ തന്നെ നടത്തിയത്. തന്റെ വാർഡിന് ലഭിച്ച തുക അവിടെ തന്നെ ചെലവഴിക്കണമെന്ന കൗൺസിലറുടെ നിർബന്ധവും, മേൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് കാലതാമസം വന്നതിനാലുമാണ് പ്രവൃത്തി വൈകിയത്" എന്നുമാണ്.

മേൽ മറുപടിയിൽ നിന്നും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ/നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് വാർഷിക പദ്ധതികളുടെ രൂപീകരണം നടക്കുന്നതെന്ന് വ്യക്തമാണ്. വാർഡ്സഭ മുഖേന ജനങ്ങളുടെ ആവശ്യങ്ങൾക്ക്/പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗ്ഗങ്ങളാണ് പദ്ധതികളായി രൂപപ്പെട്ടു വരേണ്ടത്. അതിനു പകരം കൗൺസിലറുടെ/ കൗൺസിലിന്റെ താല്പര്യങ്ങൾക്കനുസരിച്ച് ഫണ്ടുകളുടെ നേരിയ തോതിലുള്ള വിന്യാസവും, ഓരോ പ്രവൃത്തിയ്ക്കുമായി ആവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്താതെ നീക്കി വയ്ക്കുന്ന തുകയ്ക്ക് പ്രവൃത്തി ചെയ്യുന്ന രീതിയും അഭികാമ്യമല്ല. ജനങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് അത് നടപ്പാക്കുന്നതിന് വേണ്ട ഫണ്ട് സ്രോതസ്സ് മുഴുവനായി കണ്ടെത്തി മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികസനകാര്യം, ധനകാര്യം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-16 ആസൂത്രണത്തിലെയും, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെയും പോരായ്മ - അധിക ചെലവിന് കാരണമായി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/ നമ്പർ : കമ്മ്യൂണിറ്റി ഹാൾ നവീകരണം, 170/20

അടങ്കൽ : 18,31,872/- 5,00,000 - വികസനഫണ്ട് ജനറൽ

13,31,872 - തനതുഫണ്ട്

ചെലവ് : 293752/- ബിൽ നമ്പർ 12/19-20/7.5.19

206248/- ബിൽ നമ്പർ 33/19-20/30.7.19

168128/- ബിൽ നമ്പർ 403/30.3.19

2018-19 വർഷത്തിൽ 20,00,000/- രൂപ അടങ്കലിൽ രൂപീകരിച്ചതാണ് ഈ പ്രോജക്ട്. പ്രസ്തുത വർഷം 168128/- രൂപയുടെ ചെലവു നടന്നതിനെ തുടർന്ന് 18,31,872/- രൂപ അടങ്കലിൽ സ്പിൽ ഓവർ പദ്ധതിയായി. നഗരസഭ കെട്ടിടത്തിനടുത്ത് സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി ഹാളിന്റെ വാൾ പെയിന്റിംഗ്, പി.വി.സി. ഫാൾസ് സീലിംഗ്, പഴയ ഡോർ മാറ്റി പുതിയ മരവാതിൽ വയ്ക്കൽ എന്നീ പ്രവൃത്തികൾക്കാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് 10,25,000/- രൂപ മാത്രം വരുന്നതാണ്. ഇതിൽ തന്നെ പ്ലംബിംഗ്, എക്കോപ്രൂഫിംഗ്, ഫിറ്റിംഗ് ഓഫ് അലുമിനിയം എന്നിങ്ങനെ യഥാക്രമം 1,00,000/-, 1,50,000/-, 22,133/- രൂപ ലംസം തുകയായും ഉൾപ്പെടുത്തിയിരിക്കുന്നു. ബാക്കിയുള്ള 7,52,867.4/- രൂപയുടെ പ്രവൃത്തിയാണ് ടെണ്ടർ ചെയ്തത്. മൂന്നു പേർ പങ്കെടുത്ത ഇ-ടെണ്ടറിൽ കുറവു നിരക്ക് ക്വാട്ട് ചെയ്ത വിനീഷ്. ഇ. എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു. ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്നും മാറ്റം വരുത്തി എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി ചെയ്തത്. പുതുക്കിയ എസ്റ്റിമേറ്റിന്റെ റിപ്പോർട്ടിൽ വിവരിക്കുന്നത് കമ്മ്യൂണിറ്റി ഹാളിന്റെ വീതി താരതമ്യേന കൂടുതലായതിനാൽ പി.വി.സി. സീലിംഗ് നിർമ്മിച്ചാൽ കാറ്റിൽ ആടിയുലയുന്നതിന് കാരണമാകുമെന്ന് അഭിപ്രായം വന്നതിനാൽ പകരമായി ഇ ബോർഡ് സീലിംഗ് ചെയ്യുന്നതാണ് നല്ലതെന്നും, സീലിംഗ് സപ്പോർട്ട് ചെയ്യുന്നതിന് ജി. ഐ. പൈപ്പിന്റെ ടൈ ബീമും, നിലത്തുനിന്ന് അഞ്ചു മീറ്റർ ഉയരത്തിലാണ് സീലിംഗ് എന്നതിനാൽ സ്കാഫോൾഡിംഗിനായി ഐറ്റവും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നാണ്. ആദ്യ എസ്റ്റിമേറ്റിലുണ്ടായിരുന്ന മൂന്നു പ്രവൃത്തികൾ മാത്രം നിലനിർത്തി, ആറോളം എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി പദ്ധതി നടപ്പാക്കി. പദ്ധതി ഫയൽ പരിശോധിച്ചതിൽ ടെണ്ടർ നടപടിയ്ക്കും, കരാറിനും ശേഷം പ്രവൃത്തിയിൽ മാറ്റം വരുത്തി ചെയ്തതിനാൽ നഗരസഭയ്ക്ക് അധിക ചെലവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

ടെണ്ടറിൽ മൂന്നു കരാറുകാരാണ് പങ്കെടുത്തത്. ഇവർ ക്വാട്ട് ചെയ്ത നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| കരാറുകാരൻ | തുക | ടെണ്ടർ കുറവ് ശതമാനം |
|---|---|---|
| ശ്രീ. യു. ടി. ഷൺമുഖൻ | 703145.05 | 6.6% |
| ശ്രീ. വിനീഷ്. ഇ. | 668666.82 | 11.184% |
| ശ്രീ. സി. ടി. സക്കീർ | 671391.11 | 10.82% |

ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട മൂന്നിനങ്ങൾ മാത്രമാണ് പുതുക്കിയ എസ്റ്റിമേറ്റിൽ നിലനിർത്തിയത്. ഈയിനങ്ങൾക്ക് ഏറ്റവും കൂടുതൽ ടെണ്ടർ കുറവ് ക്വാട്ട് ചെയ്ത കരാറുകാരുടെ നിരക്കുകൾ ഇപ്രകാരമാണ്,

| കരാറുകാരൻ | ശ്രീ. വിനീഷ്. ഇ. | ശ്രീ. സി. ടി. സക്കീർ |
|---|---|---|
| Removing Dry Or Oil Distember, Water Proofing Cement Paint...... | 5.00 | 7.00 |
| Wall Painting With Acryllic Emulsion Paint Of Approved Brand.... | 90.00 | 62.00 |
| Wall Painting With Synthetic Enamel Paint Of Approved Brand.... | 90.00 | 89.00 |

മേൽ ഇനങ്ങളിൽ ഭൂരിഭാഗത്തിനും ശ്രീ. സക്കീർ എന്ന കരാറുകാരനാണ് കുറഞ്ഞ നിരക്ക് ക്വാട്ട്

ചെയ്തത്. അതുകൊണ്ടു തന്നെ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തികൾ (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം) ഈ കരാറുകാരനാണ് ചെയ്തിരുന്നതെങ്കിൽ 22,500/- ഓളം രൂപ കുറവ് മതിയാകുമായിരുന്നു.

| | ഇനം | എസ്റ്റിമേറ്റ് നിരക്ക് | ചെയ്ത അളവ് | ചെയ്ത അളവിനു വരുന്ന ചെലവ് | |
|---|---|---|---|---|---|
| | | | | ശ്രീ. വിനീഷ് | ശ്രീ. സക്കീർ |
| 1 | Removing Dry Or Oil Distember, Water Proofing Cement Paint...... | 14.82 | 598.43 | @5 = 2992.15 | @7 = 4189.01 |
| 2 | Wall Painting With Acryllic Emulsion Paint Of Approved Brand.... | 115.91 | 935.5 | @90 = 84195 | @62 = 58001 |
| 3 | Wall Painting With Synthetic Enamel Paint Of Approved Brand.... | 107.6 | 32.4 | @90 = 2916 | @89 = 2883.6 |
| E1 | Providing And Fixing Powder Coated Aluminium Work..... | 627.58 | 427.48 | @557.29 = 238230.33 | @559.68 = 239252.006 |
| E2 | Providing And Fixing False Ceiling With E-board Classic Tile..... | 648.15 | 344.42 | @575.56 = 198234.38 | @578.02 = 199081.648 |
| E3 | Providing And Fixing Double Scaffolding System(cup Lock Type) On The Exterior Side........ | 209.89 | 344.42 | @186.38 = 64193 | @187.18 = 64468.5356 |
| E4 | Steel Work In Built Up GI Tubular Trusses.... | 131.26 | 550.29 | @116.56 = 64141.8 | @117.06 = 64416.9474 |
| E5 | Engaging Coolie.. | 560.19 | 16 | @497.45 = 7959.2 | @499.58 = 7993.28 |

| | | | | | |
|---|---|---|---|---|---|
| E6 | Engaging Fitter.. | 741.34 | 8 | @658.31 = 5266.48 | @661.127 = 5289.016 |
| ആകെ | | | | 668128.34 | 645575.043 |
| അധികം വേണ്ടി വന്നത് | | | | 22553.3/- | |

പ്രോജക്ട് തയ്യാറാക്കിയപ്പോൾ/പ്രവൃത്തിയ്ക്കായി ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഹാളിന്റെ ഭൗതിക സാഹചര്യവും, ആവശ്യകതയും കണക്കിലെടുക്കാതെ ഇനങ്ങൾ ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും, ആദ്യ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയപ്പോൾ നിലവിൽ നിരക്കുകൾ ക്വാട്ട് ചെയ്ത കരാറുകാരുടെ നിരക്കുകൾ താരതമ്യപ്പെടുത്താതെ അതേ കരാറുമായി മുമ്പോട്ട് പോകാനുണ്ടായ സാഹചര്യവും വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മുനിസിപ്പൽ എഞ്ചിനീയർ നൽകിയ മറുപടി, "നിർമ്മാണവേളയിൽ ഇ-ബോർഡ് സീലിംഗ് ചെയ്യണമെന്ന അഭിപ്രായം വന്നതിനാലാണ് എസ്റ്റിമേറ്റ് പുതുക്കിയത്. ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച പ്രവൃത്തി ആയതിനാൽ അതേ കരാറുകാരനെ കൊണ്ടു തന്നെ ചെയ്യിക്കുകയാണുണ്ടായത്. അതുമൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ല. ക്വാട്ട് ചെയ്ത നിരക്കുകൾ താരതമ്യം ചെയ്താൽ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ശ്രീ. വിനീഷ് എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കാണ് കുറവ് " എന്നതാണ്. ഈ മറുപടി സ്വീകാര്യമല്ല. മുകളിലെ പട്ടികയിൽ വിവരിച്ച പ്രകാരം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതും, യഥാർത്ഥ പ്രവൃത്തിയിൽ ചെയ്തതുമായ ഇനങ്ങൾക്ക് രണ്ടാമത്തെ കരാറുകാരനാണ് കുറവ് നിരക്ക് ക്വാട്ട് ചെയ്തിരുന്നത്. ശ്രീ. വിനീഷ് എന്ന കരാറുകാരൻ കുറവ് ക്വാട്ട് ചെയ്തയിനങ്ങളൊന്നും തന്നെ ചെയ്യാതെ, പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ തന്നെ ആവശ്യങ്ങൾ തിരിച്ചറിയേണ്ടതിന്റേയും, യഥാർത്ഥ്യ ബോധത്തോടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിന്റെയും പ്രസക്തി ഇതിൽ നിന്നും വ്യക്ത മാണ്.

കമ്മ്യൂണിറ്റി ഹാളിൽ ചെയ്ത ഫാൾസ് സീലിംഗിനായുള്ള അലുമിനിയം വർക്കിന്റെ ഐറ്റത്തിലും, ഫാൾസ് സീലിംഗ് ഐറ്റത്തിലും സ്കാഫോൾഡിംഗിനുള്ള നിരക്ക് (ഡാറ്റയിൽ) ഉൾപ്പെട്ടിട്ടുണ്ട്. സ്കാഫോൾഡിംഗിനായി തുക ഉൾപ്പെട്ടിട്ടും, ഈ പ്രവൃത്തിയ്ക്കായി വീണ്ടും പ്രത്യേകം ഐറ്റം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇന്റീരിയർ പ്രവൃത്തിയായ ഫാൾസ് സീലിംഗിന് എക്സ്റ്റീരിയറിൽ ചെയ്യുന്ന പ്രവൃത്തികൾക്കുള്ള (ഏഴ് നില വരെയുള്ള) ഉയർന്ന നിരക്കിലുള്ള സ്കാഫോൾഡിംഗ് ഉൾപ്പെടുത്തിയതും, പ്രത്യേകം ഐറ്റം ഇതിനായി ഉൾപ്പെടുത്തിയപ്പോൾ നിലവിലുള്ള ഇനങ്ങളിൽ ഉൾപ്പെട്ട സ്കാഫോൾഡിംഗ് കമ്പോണന്റ് ഒഴിവാക്കാതിരുന്നതും, ഫാൾസ് സീലിംഗിന്റെ അതേ വിസ്തീർണ്ണത്തിൽ സ്കാഫോൾഡിംഗ് അളവ് കണക്കാക്കിയതും എന്തടിസ്ഥാനത്തിലാണെ ന്ന് ആരാഞ്ഞതിന്, "അഞ്ചു മീറ്റർ ഉയരമുള്ള ഹാളിനു സീലിംഗ് ചെയ്യുന്നതിന് യാതൊരു സപ്പോർട്ടും ഇല്ലാതിരുന്നതിനാലും, പ്രവൃത്തി ചെയ്യുന്നതിന്റെ ബുദ്ധിമുട്ടും അപകട സാധ്യതയും പരിഗണിച്ചാണ് പ്രസ്തുത നിരക്ക് നൽകിയതെന്നുമാണ്" എഞ്ചിനീയർ നൽകിയ മറുപടി. ഫാൾസ് സീലിംഗിന്റെ അതേ വിസ്തീർണ്ണത്തിൽ സ്കഫോൾഡിംഗ് ചെയ്ത് പ്രവൃത്തി നടത്തിയത് എപ്രകാരമാണെന്ന സംശയത്തിന് മറുപടി നൽകിയില്ല. DARൽ ഉൾപ്പെട്ട ഫാൾസ് സീലിംഗിനും, അതിന്റെ അലുമിനിയം പ്രവൃത്തിയ്ക്കുമുള്ള ഇനങ്ങളിൽ സ്കാഫോൾഡിംഗിനായി ഒരു മീറ്റർ വിസ്തൃതിയ്ക്ക് ആറു രൂപയോളം വരുന്നിടത്താണ്, മേൽ ഇനം ഉൾപ്പെടുത്തി 160രൂപ നിരക്കിലുള്ള സ്കാഫോൾഡിംഗ് ഇനം ഉൾപ്പെടുത്തിയത്. തദ്ദേശ സ്ഥാപനത്തിന്റെ പണം കൈകാര്യം ചെയ്യുന്നതിൽ കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 40(b) നിഷ്കർഷിക്കുന്ന "ഫിനാൻഷ്യൽ പ്രൊപ്രൈറ്റി" എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ പാലിക്കാൻ എഞ്ചിനീയർ ശ്രമിച്ചിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്ത മാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ ആവശ്യകത തിരിച്ചറിഞ്ഞ് കൃത്യതയോടെ തയ്യാറാക്കേണ്ടതും, ഇനങ്ങൾ തിരഞ്ഞെടുക്കുന്നതിൽ മിതത്വം ഉറപ്പുവരുത്തേണ്ടതുമാണ്. യഥാർത്ഥ ആവശ്യകത മനസ്സിലാക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലുണ്ടായ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികം ചെലവായ 22,553/- എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-17 ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - ടെണ്ടർ നടപടിയില്ലാതെ നേരിട്ട് വാങ്ങിയത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നഗരസഭയുടെ 10 വ്യത്യസ്തയിടങ്ങളിൽ നിർദ്ദിഷ്ട രീതിയിലുള്ള ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ളതാണ് ഈ പദ്ധതി. 2018-19, 2019-20 വർഷങ്ങളിൽ ഇതിനായി താഴെ കാണിച്ച പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| 120/18-19 | 1170000 | 447000 |
| 188/19-20 | 723000 | 723000 |
| 376/18-19 | 130000 | 0 |
| 165/19-20 | 130000 | 130000 |
| | ആകെ | 1300000 |

26.11.18 – ലെ കൗൺസിൽ തീരുമാനം 7/3 പ്രകാരം ലോമാസ്റ്റ് ലൈറ്റുകൾ ഗവ. ഏജൻസിയായ KSIE – യിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. KSIE സമർപ്പിച്ച 1,30,000/-രൂപയുടെ ഓഫർ കൗൺസിൽ അംഗീകരിക്കുകയും, 18.1.19 ന് സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട് (കരാർ നം. 24/19-20). ലൈറ്റുകൾ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചതായി KSIE അറിയിച്ചതിനെ തുടർന്ന് ബിൽ തുക കൈമാറി. പദ്ധതി നടത്തിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

ടെണ്ടർ നടപടികൾ കൂടാതെ ലോമാസ്റ്റ് ലൈറ്റുകൾ KSIE – യിൽ നിന്നും വാങ്ങാനുള്ള കാരണം വിശദമാക്കേണ്ടതാണ്. KSIE യ്ക്ക് സപ്ലൈ ചെയ്യാൻ അനുവാദം നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവിൽ ലോമാസ്റ്റ് ലൈറ്റുകൾ ഉൾപ്പെട്ടു കാണുന്നില്ല. ഈ തരം ലൈറ്റുകൾ വിതരണം ചെയ്യാൻ മേൽ സ്ഥാപനത്തിന് അനുമതി നൽകിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 15/19-20 തിയ്യതി 23.12.21) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉത്തരവ് ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-18 പോഷകാഹാര വിതരണം - കേന്ദ്രഫണ്ട് ലഭിക്കുന്നതിൽ കുറവ്

നിർവ്വഹണ ഉദ്യോഗസ്ഥ - ഐസിഡിഎസ് സൂപ്പർവൈസർ

2019-20 വർഷത്തിൽ പോഷകാഹാര വിതരണത്തിൽ കേന്ദ്രഫണ്ട് വിനിയോഗം സംബന്ധിച്ച് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വനിതാ ശിശു വികസന ഡയറക്ടറുടെ 30.10.19ലെ ഐസിഡിഎസ് B3-10010/19നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള അനുപൂരക പോഷകാഹാര വിതരണ പദ്ധതിക്കായുള്ള ജനറൽ വിഭാഗത്തിലെ

ഫണ്ടിൽനിന്ന് കൊടുവള്ളി സി.ഡി.പി.ഒ ഐസിഡിഎസ് / 1650/gl/2019 തീയതി 13.11.19 പ്രകാരം കൊടുവള്ളി നഗരസഭയ്ക്ക് 883313 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ കൊടുവള്ളി നഗരസഭയുടെ SNP ഷെയറിനുള്ള എ.സി.ആർ പരിശോധിച്ചതിൽ 868313 രൂപയാണ് 29.2.20 ന് ഈ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുള്ളത്. 15,000 രൂപ കുറവായാണ് ലഭിച്ചിട്ടുള്ളത് (883313-868313). 2019-20 വർഷത്തിൽ അനുപൂരക പോഷകാഹാരം പദ്ധതിക്കായി 27/19-20 നമ്പർ പദ്ധതി പ്രകാരം കേന്ദ്രവിഹിതമായി വിനിയോഗിച്ചിട്ടുള്ളത് 2500000 രൂപയാണ്. എന്നാൽ കേന്ദ്ര വിഹിതമായി തൻവർഷം ലഭിച്ചിട്ടുള്ളത് ( എ.സി.ആർ പ്രകാരം മുൻ ബാക്കി 494063 രൂപ ഉൾപ്പെടെ) 2055561. ഇപ്രകാരം ഈയിനത്തിൽ 444439 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ആവശ്യമായ കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ലഭിയ്ക്കാനുള്ള കേന്ദ്രഫണ്ട് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-19 എക്സ് - റേ യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയ്ക്ക് വാങ്ങിയ മെഷീനുകൾ വാറണ്ടി കാലാവധി കഴിഞ്ഞിട്ടും ത്രീ ഫേസ് വൈദ്യുതി സൗകര്യം ലഭ്യമാക്കാത്തതിനാൽ പൂർണതോതിൽ പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം 2018-19, 2019-20 വർഷങ്ങളിലായി 2269099 രൂപ ചെലവഴിച്ച് 4 പദ്ധതികൾ നടപ്പിലാക്കിയിട്ടു ണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം | പദ്ധതി | ചെലവ് തുക | ബിൽ നമ്പർ തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 328 /18 -19 എക്സ് റേ യൂണിറ്റ് സ്ഥാപിക്കൽ | 890400 | 11/18-19 27.3.19 | ടെൻഡർ വഴി ഹോസ്പിറ മെഡിക്കൽ സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്ന് എക്സ്റേ മെഷീൻ വാങ്ങി. |
| 2 | 323/18 19 എക്സ്റേ പ്രൊട്ടക്ഷൻ ഉപകരണങ്ങൾ വാങ്ങൽ | 245199 | 10/18-19 27.03.19 | ടി. എക്സ്റേ പ്രൊട്ടക്ഷൻ ഉപകരണങ്ങൾ വാങ്ങി |
| 3 | 281 /19- 20 എക്സ്റേ യൂണിറ്റ് സ്ഥാപിക്കൽ | 616000 | 2/19-20 25.7.19 | ടെൻഡർ വഴി ഹിന്ദുസ്ഥാൻ ഹെൽത്ത് കെയർ എന്ന സ്ഥാപനത്തിൽ നിന്ന് |

| | | | | |
|---|---|---|---|---|
| | | | | കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി സിസ്റ്റം വാങ്ങി. |
| 4 | 284/19-20 സി. എച്ച്. സി. ഇലക്ട്രിഫിക്കേഷൻ | 517500 | 29949/ 19-20 21.10.19 | പി. ഡബ്ല്യൂ. ഡി ഇലക്ട്രിക് ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തു |
| | ആകെ | 2269099 | | |

പദ്ധതികൾ നടത്തിപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു .

1) അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെ പദ്ധതി നടപ്പിലാക്കിയതു മൂലം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

കൊടുവള്ളി സി.എച്ച്.സി യിൽ എക്സ് റേ യൂണിറ്റ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷത്തിൽ 22 ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയ പദ്ധതിയാണിത്. 2018-19 വർഷത്തിൽ എക്സ്റേ മെഷീനും എക്സ് റേ പ്രൊട്ടക്ഷൻ ഉപകരണങ്ങളും വാങ്ങുകയും 2019 - 20 കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി സിസ്റ്റം വാങ്ങുകയും ഇലക്ട്രിഫിക്കേഷന് ആയി തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഇലക്ട്രിക്കൽ വിങ്ങിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ത്രീഫേസ് കറണ്ട് കണക്ഷൻ ലഭിക്കുന്നതിനുള്ള പദ്ധതി 2019-20 വർഷത്തിൽ ആണ് നടത്തിയത്. ഏകദേശം പതിനെട്ട് ലക്ഷം രൂപയോളം വിലവരുന്ന എക്സ്റേ മെഷീനും അനുബന്ധ ഉപകരണങ്ങളും കൗൺസിലിന്റെ 13. 3. 2019 ലെ 2ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 472/ 18/16.3.2019 നമ്പർ പ്രകാരമുള്ള സപ്ലൈ ഓർഡർ അനുസരിച്ച് ആശുപത്രിയിൽ എത്തുകയും ചെയ്തിട്ടുണ്ട്. ഈ മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യം ആയ ത്രീഫേസ് വൈദ്യുതി കണക്ഷൻ ഒരുക്കാതെ മെഷീനുകൾ വാങ്ങി ആശുപത്രിയിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. 22.10.2019 ന് ഇലക്ട്രിഫിക്കേഷന് ഉള്ള തുക 517500 രൂപ പി. ഡബ്ലിയു. ഡി യുടെ 8443-00-108 എന്ന അക്കൗണ്ട് ഹെഡിലേക്ക് ട്രാൻസ്ഫർ ചെയ്തു. ഇത് പി. ഡബ്ല്യൂ. ഡി യുടെ ജനറൽ ഹെഡ് ആയിരുന്നു. തുടർന്ന് അപേക്ഷ നൽകി 12. 2. 2019 ന് ആണ് തുക ഇലക്ട്രിക്കൽ ഡിവിഷനിൽ ലഭിക്കുന്നത്. ആശുപത്രിയിൽ നിലവിലുള്ള മൂന്ന് സിംഗിൾ ഫേസ് കണക്ഷൻ ഒഴിവാക്കി ഒരു ത്രീ ഫേസ് കണക്ഷൻ ആക്കുന്നതിന് ആയിരുന്നു ഈ പദ്ധതി. 7.7.2020 ന് ഇലക്ട്രിക്കൽ വർക്ക് പൂർത്തിയാക്കിയതായി മെഡിക്കൽ ഓഫീസർ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയപ്പോഴാണ് സി.എച്ച്.സി. യിൽ എക്സ് റേ യൂണിറ്റ് സ്ഥാപിക്കുന്നതിനു മുന്നോടിയായി ഇലക്ട്രിക്കൽ സ്കീം തയ്യാറാക്കണമെന്ന് ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആവശ്യപ്പെട്ടതായി അറിയുന്നത്. ആയതിനെ അടിസ്ഥാനത്തിൽ 28.3.2021 ലെ 2ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഇതിന് 46000 രൂപയുടെ ഭരണാനുമതിയും 11-10-2021 ന് സാങ്കേതിക അനുമതിയും ലഭിച്ചിട്ടേയുള്ളൂ. CHC X-ray Insttallation Scheme And Approval എന്ന പേരിൽ ടെൻഡർ ചെയ്ത് അംഗീകൃത കോൺട്രാക്ടർ വഴി ഇലക്ട്രിക്കൽ സ്കീം തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ എക്സ്റേ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് അനുമതി ലഭിക്കുകയുള്ളൂ.

ആദ്യം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് അനുവാദം വാങ്ങുക, അതിനു ശേഷം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്തുക എന്നിങ്ങനെ ആയിരുന്നു ചെയ്യേണ്ടിയിരുന്നത്. ത്രീ ഫേസ് കണക്ഷൻ

ലഭിച്ചതിനശേഷം മാത്രം ആയിരുന്ന എക്സ്റേ ഉപകരണങ്ങൾ വാങ്ങേണ്ടിയിരുന്നത്. മെഷീനുകൾ വാങ്ങി അതിന്റെ വാറന്റി കാലാവധി കഴിയുന്നതുവരെ ഉപയോഗിക്കാതെ സൂക്ഷിച്ചത് പദ്ധതി നടത്തിപ്പിലെ ഗുരുതരമായ വീഴ്ചയാണ്. കൂടാതെ നിലവിൽ സിംഗിൾ ഫേസ് കണക്ഷൻ ഉപയോഗിച്ചു കൊണ്ട് എക്സ്റേ യൂണിറ്റ് ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട് എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. സിംഗിൾ ഫേസ് കണക്ഷനിൽ ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നത് ഇതിന്റെ ക്വാളിറ്റിയെ ബാധിക്കുന്നതാണ്. ഇക്കാരണത്താൽ മെഷീൻ പെട്ടെന്ന് കേടാകുന്നതിന് സാധ്യതയുണ്ട്. എക്സ്റേ മെഷീനും അനുബന്ധ ഉപകരണങ്ങൾക്കും ചെലവഴിച്ച 1751599 രൂപ പാഴാകുന്ന അവസ്ഥയിലാണ്. യാതൊരു ആസൂത്രണവും മുന്നൊരുക്കവും ഇല്ലാതെ പദ്ധതികൾ നടപ്പിലാക്കി ഫണ്ട് പാഴാക്കിയതിൽ വികസന സ്റ്റാൻഡിങ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് , നിർവഹണ ഉദ്യോഗസ്ഥ എന്നിവർ ഉത്തരവാദികളാണ്.

2) നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയത് - പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

എക്സ്റേ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആശുപത്രിയിൽ ത്രീ ഫേസ് കണക്ഷൻ സ്ഥാപിക്കുന്നതിന് വേണ്ടി ക്രമ നമ്പർ 4 പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ 517500 രൂപ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്ങിന് നൽകിയിട്ടുണ്ട്. നിക്ഷേപ പ്രവൃത്തികൾ ക്ക് മുൻകൂർ നൽകുമ്പോൾ ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടത് എന്നീ വ്യവസ്ഥകൾ പാലിയ്ക്കാതെയാണ് തുക കൈമാറിയത്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. 22.10.20 ലെ Est/09/14600 നമ്പറിലുള്ള പി. ഡബ്ല്യൂ. ഡി ഇലക്ട്രിക്കൽ വിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിനിയോഗ സാക്ഷ്യപത്രത്തിൽ ഇലക്ട്രിക്കൽ വർക്ക് ചെയ്ത് ബാക്കി 12511 രൂപ ബാക്കിയുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി തുക ട്രാൻസ്ഫർ ചെയ്ത് ലഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മെഡിക്കൽ ഓഫീസർ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുമെന്ന് അറിയിച്ചിട്ടു ണ്ട്. അപാകതകൾ പരിഹരിച്ച് തൃപ്തികരമായ വിശദീകരണവും രേഖകളും ഹാജരാക്കുന്നതു വരെ 2019-20 വർഷത്തിൽ ചെലവഴിച്ച 11,33,500 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ആസൂത്രണത്തിലേയും, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേയും പോരായ്മ - അധിക ചെലവിന് കാരണമായി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/ നമ്പർ : കമ്മ്യൂണിറ്റി ഹാൾ നവീകരണം, 170/20

അടങ്കൽ : 18,31,872/- 5,00,000 - വികസനഫണ്ട് ജനറൽ

13,31,872 - തനതുഫണ്ട്

ചെലവ് : 293752/- ബിൽ നമ്പർ 12/19-20/7.5.19

206248/- ബിൽ നമ്പർ 33/19-20/30.7.19

168128/- ബിൽ നമ്പർ 403/30.3.19

2018-19 വർഷത്തിൽ 20,00,000/- രൂപ അടങ്കലിൽ രൂപീകരിച്ചതാണ് ഈ പ്രോജക്ട്. പ്രസ്തുത വർഷം 168128/- രൂപയുടെ ചെലവു നടന്നതിനെ തുടർന്ന് 18,31,872/- രൂപ അടങ്കലിൽ സ്പിൽ ഓവർ പദ്ധതിയായി. നഗരസഭ കെട്ടിടത്തിനടുത്ത് സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി ഹാളിന്റെ വാൾ പെയിന്റിംഗ്, പി.വി.സി. ഫാൾസ് സീലിംഗ്, പഴയ ഡോർ മാറ്റി പുതിയ മരവാതിൽ വയ്ക്കൽ എന്നീ പ്രവൃത്തികൾക്കാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് 10,25,000/- രൂപ മാത്രം വരുന്നതാണ്. ഇതിൽ തന്നെ പ്ലംബിംഗ്, എക്കോപ്രൂഫിംഗ്, ഫിറ്റിംഗ് ഓഫ് അലുമിനിയം എന്നിങ്ങനെ യഥാക്രമം 1,00,000/-, 1,50,000/-, 22,133/- രൂപ ലംസം തുകയായും ഉൾപ്പെടുത്തിയിരിക്കുന്നു. ബാക്കിയുള്ള 7,52,867.4/- രൂപയുടെ പ്രവൃത്തിയാണ് ടെണ്ടർ ചെയ്തത്. മൂന്നു പേർ പങ്കെടുത്ത ഇ-ടെണ്ടറിൽ കുറവു നിരക്ക് ക്വാട്ട് ചെയ്ത വിനീഷ്. ഇ. എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു. ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്നും മാറ്റം വരുത്തി എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി ചെയ്തത്. പുതുക്കിയ എസ്റ്റിമേറ്റിന്റെ റിപ്പോർട്ടിൽ വിവരിക്കുന്നത് കമ്മ്യൂണിറ്റി ഹാളിന്റെ വീതി താരതമ്യേന കൂടുതലായതിനാൽ പി.വി.സി. സീലിംഗ് നിർമ്മിച്ചാൽ കാറ്റിൽ ആടിയുലയുന്നതിന് കാരണമാകുമെന്ന് അഭിപ്രായം വന്നതിനാൽ പകരമായി ഇ ബോർഡ് സീലിംഗ് ചെയ്യുന്നതാണ് നല്ലതെന്നും, സീലിംഗ് സപ്പോർട്ട് ചെയ്യുന്നതിന് ജി.ഐ. പൈപ്പിന്റെ ടൈ ബീമും, നിലത്തുനിന്ന് അഞ്ചു മീറ്റർ ഉയരത്തിലാണ് സീലിംഗ് എന്നതിനാൽ സ്കാഫോൾഡിംഗിനായി ഐറ്റവും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നാണ്. ആദ്യ എസ്റ്റിമേറ്റിലുണ്ടായിരുന്ന മൂന്നു പ്രവൃത്തികൾ മാത്രം നിലനിർത്തി, ആറോളം എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി പദ്ധതി നടപ്പാക്കി. പദ്ധതി ഫയൽ പരിശോധിച്ചതിൽ ടെണ്ടർ നടപടിയും, കരാറിനും ശേഷം പ്രവൃത്തിയിൽ മാറ്റം വരുത്തി ചെയ്തതിനാൽ നഗരസഭയ്ക്ക് അധിക ചെലവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

ടെണ്ടറിൽ മൂന്നു കരാറുകാരാണ് പങ്കെടുത്തത്. ഇവർ ക്വാട്ട് ചെയ്ത നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| കരാറുകാരൻ | തുക | ടെണ്ടർ കുറവ് ശതമാനം |
|---|---|---|
| ശ്രീ. യു. ടി. ഷൺമുഖൻ | 703145.05 | 6.6% |
| ശ്രീ. വിനീഷ്. ഇ. | 668666.82 | 11.184% |
| ശ്രീ. സി. ടി. സക്കീർ | 671391.11 | 10.82% |

ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട മൂന്നിനങ്ങൾ മാത്രമാണ് പുതുക്കിയ എസ്റ്റിമേറ്റിൽ നിലനിർത്തിയത്. ഈയിനങ്ങൾക്ക് ഏറ്റവും കൂടുതൽ ടെണ്ടർ കുറവ് ക്വാട്ട് ചെയ്ത കരാറുകാരുടെ നിരക്കുകൾ ഇപ്രകാരമാണ്.

| കരാറുകാരൻ | ശ്രീ. വിനീഷ്. ഇ. | ശ്രീ. സി. ടി. സക്കീർ |
|---|---|---|
| Removing Dry Or Oil Distember, Water Proofing Cement Paint...... | 5.00 | 7.00 |
| Wall Painting With Acryllic Emulsion Paint Of Approved Brand.... | 90.00 | 62.00 |
| Wall Painting With Synthetic Enamel Paint Of Approved Brand.... | 90.00 | 89.00 |

മേൽ ഇനങ്ങളിൽ ഭൂരിഭാഗത്തിനും ശ്രീ. സക്കീർ എന്ന കരാറുകാരനാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത്. അതുകൊണ്ടു തന്നെ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തികൾ (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം) ഈ കരാറുകാരനാണ് ചെയ്തിരുന്നതെങ്കിൽ 22,500/- ഓളം രൂപ കുറവ് മതിയാകുമായിരുന്നു.

| ഇനം | എസ്റ്റിമേറ്റ് നിരക്ക് | ചെയ്ത അളവ് | ചെയ്ത അളവിനു വരുന്ന ചെലവ് | | |
|---|---|---|---|---|---|
| | | | ശ്രീ. വീനീഷ് | ശ്രീ. സക്കീർ | |
| 1 | Removing Dry Or Oil Distember, Water Proofing Cement Paint...... | 14.82 | 598.43 | @5 = 2992.15 | @7 = 4189.01 |
| 2 | Wall Painting With Acryllic Emulsion Paint Of Approved Brand.... | 115.91 | 935.5 | @90 = 84195 | @62 = 58001 |
| 3 | Wall Painting With Synthetic Enamel Paint Of Approved Brand.... | 107.6 | 32.4 | @90 = 2916 | @89 = 2883.6 |
| E1 | Providing And Fixing | 627.58 | 427.48 | @557.29 = | @559.68 = |

| | | | | | |
|---|---|---|---|---|---|
| | Powder Coated Aluminium Work..... | | | 238230.33 | 239252.006 |
| E2 | Providing And Fixing False Ceiling With E-board Classic Tile..... | 648.15 | 344.42 | @575.56 = 198234.38 | @578.02 = 199081.648 |
| E3 | Providing And Fixing Double Scaffolding System(cup Lock Type) On The Exterior Side........ | 209.89 | 344.42 | @186.38 = 64193 | @187.18 = 64468.5356 |
| E4 | Steel Work In Built Up Gl Tubular Trusses.... | 131.26 | 550.29 | @116.56 = 64141.8 | @117.06 = 64416.9474 |
| E5 | Engaging Coolie.. | 560.19 | 16 | @497.45 = 7959.2 | @499.58 = 7993.28 |
| E6 | Engaging Fitter.. | 741.34 | 8 | @658.31 = 5266.48 | @661.127 = 5289.016 |
| ആകെ | | | | 668128.34 | 645575.043 |
| അധികം വേണ്ടി വന്നത് | | | | 22553.3/- | |

പ്രോജക്ട് തയ്യാറാക്കിയപ്പോൾ/പ്രവൃത്തിയ്ക്കായി ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോ ൾ ഹാളിന്റെ ഭൗതിക സാഹചര്യവും, ആവശ്യകതയും കണക്കിലെടുക്കാതെ ഇനങ്ങൾ ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും, ആദ്യ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയപ്പോൾ നിലവിൽ നിരക്കുകൾ ക്വാട്ട് ചെയ്ത കരാറുകാരുടെ നിരക്കുകൾ താരതമ്യപ്പെടുത്താതെ അതേ കരാറുമായി മുമ്പോട്ട് പോകാനുണ്ടായ സാഹചര്യവും വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മുനിസിപ്പൽ എഞ്ചിനീയർ നൽകിയ മറുപടി, “നിർമ്മാണവേളയിൽ ഇ-ബോർഡ് സീലിംഗ് ചെയ്യണമെന്ന അഭിപ്രായം വന്നതിനാലാണ് എസ്റ്റിമേറ്റ് പുതുക്കിയത്. ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വെച്ച പ്രവൃത്തി ആയതിനാൽ അതേ കരാറുകാരനെ കൊണ്ടു തന്നെ ചെയ്യിക്കുകയാണുണ്ടായത്. അതുമൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ല. ക്വാട്ട് ചെയ്ത നിരക്കുകൾ താരതമ്യം ചെയ്താൽ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ശ്രീ. വിനീഷ് എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കാണ് കുറവ് ” എന്നതാണ്. ഈ മറുപടി സ്വീകാര്യമല്ല. മുകളിലെ പട്ടികയിൽ വിവരിച്ച പ്രകാരം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതും, യഥാർത്ഥ പ്രവൃത്തിയിൽ ചെയ്തതുമായ ഇനങ്ങൾക്ക് രണ്ടാമത്തെ കരാറുകാരനാണ് കുറവ് നിരക്ക് ക്വാട്ട് ചെയ്തിരുന്നത്. ശ്രീ. വിനീഷ് എന്ന കരാറുകാരൻ കുറവ് ക്വാട്ട് ചെയ്തയിനങ്ങളൊ ന്നും തന്നെ ചെയ്യാതെ, പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയതിനാലാ ണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ തന്നെ ആവശ്യങ്ങൾ തിരിച്ചറിയേണ്ടതിന്റേയും, യഥാർത്ഥ്യ ബോധത്തോടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിന്റെയും പ്രസക്തി ഇതിൽ നിന്നും വ്യക്തമാണ്.

കമ്മ്യൂണിറ്റി ഹാളിൽ ചെയ്ത ഫാൾസ് സീലിംഗിനായുള്ള അലുമിനിയം വർക്കിന്റെ ഐറ്റത്തിലും, ഫാൾസ് സീലിംഗ് ഐറ്റത്തിലും സ്കാഫോൾഡിംഗിനുള്ള നിരക്ക് (ഡാറ്റയിൽ) ഉൾപ്പെട്ടിട്ടുണ്ട്. സ്കാഫോൾഡിംഗിനായി തുക ഉൾപ്പെട്ടിട്ടും, ഈ പ്രവൃത്തിയ്ക്കായി വീണ്ടും പ്രത്യേകം ഐറ്റം

ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇന്റീരിയർ പ്രവൃത്തിയായ ഫാൾസ് സീലിംഗിന് എക്സ്റ്റീരിയറിൽ ചെയ്യുന്ന പ്രവൃത്തികൾ ക്കുള്ള (ഏഴ് നില വരെയുള്ള) ഉയർന്ന നിരക്കിലുള്ള സ്കാഫോൾഡിംഗ് ഉൾപ്പെടുത്തിയതും, പ്രത്യേകം ഐറ്റം ഇതിനായി ഉൾപ്പെടുത്തിയപ്പോൾ നിലവിലുള്ള ഇനങ്ങളിൽ ഉൾപ്പെട്ട സ്കാഫോൾഡിംഗ് കമ്പോണന്റ് ഒഴിവാക്കാതിരുന്നതും, ഫാൾസ് സീലിംഗിന്റെ അതേ വിസ്തീർണ്ണത്തിൽ സ്കാഫോൾഡിംഗ് അളവ് കണക്കാക്കിയതും എന്തടിസ്ഥാനത്തിലാണെ ന്ന് ആരാഞ്ഞതിന്, "അഞ്ചു മീറ്റർ ഉയരമുള്ള ഹാളിനു സീലിംഗ് ചെയ്യുന്നതിന് യാതൊരു സപ്പോർട്ടും ഇല്ലാതിരുന്നതിനാലും, പ്രവൃത്തി ചെയ്യുന്നതിന്റെ ബുദ്ധിമുട്ടും അപകട സാധ്യതയും പരിഗണിച്ചാണ് പ്രസ്തുത നിരക്ക് നൽകിയതെന്നുമാണ്" എഞ്ചിനീയർ നൽകിയ മറുപടി. ഫാൾസ് സീലിംഗിന്റെ അതേ വിസ്തീർണ്ണത്തിൽ സ്കഫോൾഡിംഗ് ചെയ്ത് പ്രവൃത്തി നടത്തിയത് എപ്രകാരമാണെന്ന സംശയത്തിന് മറുപടി നൽകിയില്ല. DARൽ ഉൾപ്പെട്ട ഫാൾസ് സീലിംഗിനും, അതിന്റെ അലുമിനിയം പ്രവൃത്തിയ്ക്കുമുള്ള ഇനങ്ങളിൽ സ്കാഫോൾഡിംഗിനായി ഒരു മീറ്റർ വിസ്തൃതിയ്ക്ക് ആറു രൂപയോളം വരുന്നിടത്താണ്, മേൽ ഇനം ഉൾപ്പെടുത്തി 160 രൂപ നിരക്കിലുള്ള സ്കാഫോൾഡിംഗ് ഇനം ഉൾപ്പെടുത്തിയത്. തദ്ദേശ സ്ഥാപനത്തിന്റെ പണം കൈകാര്യം ചെയ്യുന്നതിൽ കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 40(b) നിഷ്കർഷിക്കുന്ന "ഫിനാൻഷ്യൽ പ്രൊപ്രൈറ്റി" എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ പാലിക്കാൻ എഞ്ചിനീയർ ശ്രമിച്ചിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ ആവശ്യകത തിരിച്ചറിഞ്ഞ് കൃത്യതയോടെ തയ്യാറാക്കേണ്ടതും, ഇനങ്ങൾ തിരഞ്ഞെടുക്കുന്നതിൽ മിതത്വം ഉറപ്പുവരുത്തേണ്ടതുമാണ്. യഥാർത്ഥ ആവശ്യകത മനസ്സിലാക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലുണ്ടായ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികം ചെലവായ 22,553/- എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 06.12.2021 | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. |

## 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

-ഇല്ല-

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ ഭവന പദ്ധതി ലോൺ തിരിച്ചടവ് (HUDCO) | 2019-20 | 45960000 | 4200000 | 7853333 | 0 | 42306667 |
| EMS ഭവന പദ്ധതി ലോൺ തിരിച്ചടവ് | 2019-20 | 0 | 3387764 | 400000 | 0 | 2987764 |

## 4-6 സ്ഥിരനിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 75000 | വി.ഇ.ഒ (പേര് ലഭ്യമല്ല) | 19010400015, 30.03.2020 |
| ലഭ്യമല്ല | ലഭ്യമല്ല | 4250 | വി.ഇ.ഒ (പേര് ലഭ്യമല്ല) | 119010400016, 30.03.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19(b,c) | 2003-(പൊതു പരാമർശം) | 11.13.7.25 | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 52 | 2003-04 | 11(1) | തൊഴിൽ രഹിതവേതനം | റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കി റിപ്പോർട്ട് നൽകാൻ എൽ.എസ്.ജി. ഡിയോട് ശുപാർശ ചെയ്തു |

| | | | | | |
|---|---|---|---|---|---|
| 2000-01 | 45 | 2003-04 (പൊതു പരാമർശം) | 11.13.6.4 | കാർഷിക യന്ത്രവൽക്കരണം | |
| 2000-01 | | 2003-04 | 11.14 | 1)കൊടേക്കുന്ന് അങ്കണവാടി കെട്ടിടം 2)വെറ്ററിനറി ആശുപത്രി റിപ്പയർ 3) പാലക്കുറ്റി മരുതമ്മൽ റോഡ് | |
| 2001-02 | | 2003-04 | 11.14 | വീട്ടിൽ ഒരു പശു പദ്ധതി | |
| 2001-02 | | 2004-05 | 11.1.1.4 | ക്യാഷ് ബുക്കും രജിസ്റ്ററുകളും എഴുതിയില്ല | |
| 2001-02 | | 2004-05 | 11.1.3.28 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.1.4.8 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജലവിതരണ പ്രവൃത്തിപൂർത്തിയായില്ല | |
| 2007-08 | | 2011-12 | 4.15 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചു | |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | |
| | | 2013-14 | 6.3.2 | പ്രൊക്യൂർമെന്റ് സൈക്കിൾ | |
| | | 2015-16 | 4.1.5 | നികുതി/നികുതിയേതരം പൊരുത്തപ്പെടാത്ത കണക്കുകൾ | |
| | | 2015-16 | 4.1.6 | വാർഷിക ധനകാര്യ പത്രിക വിവരങ്ങളുടെ കൃത്യത | |
| 2014-15 | 2-3,2-6 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 2-2 | 2017-18 | 1.11.8 | വസ്തു നികുതി – സഞ്ചയയിൽ പ്ലിന്ത് ഏരിയയിൽ കുറവു വരുത്തുന്നു | |

| | | | | | |
|---|---|---|---|---|---|
| 2016-17 | 2-3 | 2017-18 | 1.11.9 | പഴയ നിരക്കിൽ വസ്തു നികുതി ഈടാക്കി | |
| 2016-17 | 2-4 | 2017-18 | 1.11.10 | വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി കണക്കാക്കി | |
| 2016-17 | 2-5 | 2017-18 | 1.11.11 | നികുതിയിളവ് നൽകി | |
| 2016-17 | 2-6 | 2017-18 | 1.11.12 | മുഴവൻ കെട്ടിടങ്ങൾക്കും നികുതി ഡിമാന്റ് ചെയ്തില്ല | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 218842805/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 172799847/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22553/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1986500/-രൂപ |

(ബി). മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | രൂ. 22553/- | ശ്രീമതി. ജയന്തി അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 853000/- | ഫൈസൽ.എ, സെക്രട്ടറി |
| 1-19 | 1133500/- | ഡോ. റിൻസി ആന്റണി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഫൈസൽ.എ, | സെക്രട്ടറി,<br>കരുനാഗപ്പള്ളി നഗരസഭ | |
| ഡോ. റിൻസി ആന്റണി,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, കൊടുവള്ളി | 32/325A, രോഹിഷ്, മൂഴിക്കൽ, ചെലവൂർ. പി. ഒ, കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും<br>ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി9/1274(2)<br>Dt.27.09.2011 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(3)<br>Dt.27.09.2011 | 2 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(4)<br>Dt.27.09.2011 | 5 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(5)<br>Dt.27.09.2011 | 4 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(6)<br>Dt.27.09.2011 | 7 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(7)<br>Dt.27.09.2011 | 4 |
| 2001-02(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(8)<br>Dt.14.07.2010 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(9)<br>Dt.27.09.2011 | 09 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി4/262/10<br>Dt.20.05.2010 | 07 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/728/07 തി.05.10.07- | 15 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി4/358/10-dt.30.04.10 | 16 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.എസ്1/178/09-1 Dt.21.04.09 | 36 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.എസ്1/1446/09 Dt.08.04.10 | 49 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി9/785 /13തി.28.04.12 | 39 |
| 2009-10 2010-11 | എൽ.എഫ്.കെ.കെ.ഡി.പി9/726 /12തി.07.05.13 | 29 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി9/1075 /13(1)തി.02.08.14 | 17 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി9/785 /12തി.28.04.12 | 23 |
| 2013-14 | എൽ.എഫ്.കെ.കെ.ഡി.പി9/633 /15(1)തി.28.04.12 | 40 |
| 2014-15 | എൽ.എഫ്.കെ.കെ.ഡി.പി9/662/ 15തി.08.07.15 | 28 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി14/165/ 2016, തീ.31.01.2017 | 20 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14/ 1734/2017 | 24 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14/ 2285/2018/13.12.2018 | 24 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14 /273/2020 /29.07.2020 | 34 |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്